# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2151** **04.11.2019-ൽ മറുപടിക്ക്**

## ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ ഫിസിയാട്രിസ്റ്റ് തസ്തിക

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സജി ചെറിയാൻ** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജില്ലാ ആശുപത്രികളുടെ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർ പരിശോധിച്ച് വിലയിരുത്തുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ ഫിസിയാട്രിസ്റ്റ് തസ്തികയിലെ രണ്ട് ഒഴിവുകൾ നികത്തുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ;<br>(സി) ഫിസിയാട്രിസ്റ്റ് ഇല്ലാത്തതിനാൽ ആധുനിക ലേസർ ഉപകരണങ്ങൾ കേടാവാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ? | (ബി) ഉം (സി) ഉം ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പി.എം.ആർ വിഭാഗത്തിലെ രണ്ട് ഡോക്ടർമാരിൽ ഒരാൾ പ്രസവാവധിയിലും, രണ്ടാമത്തെ ഡോക്ടർ ജോലി ക്രമീകരണ വ്യവസ്ഥയിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിലുമാണ്. എന്നാൽ ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പി.എം.ആർ വിഭാഗത്തിൽ ഒ.പി ഉൾപ്പടെയുള്ള ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിരിക്കുകയാണെന്നും, ടി വിഭാഗത്തിൽ ഉപയോഗിക്കുന്ന ഇ.എം.ജി മെഷീൻ ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള ഉപകരണങ്ങൾ ഉപയോഗ ശൂന്യമായിരിക്കുകയാണെന്നും ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത |

ആശുപത്രിയിൽ നിന്നും തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിതയായിരുന്ന പി.എം.ആർ വിഭാഗം കൺസൾട്ടന്റ് ഡോ.സിന്ധുജ. എൻ.എസ്-ന് ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പി.എം.ആർ വിഭാഗത്തിന്റെ പ്രവർത്തന ചുമതലകൂടി നൽകിക്കൊണ്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ഉത്തരവായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**